**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 512** **09-11-2021 - ൽ മറുപടിയ്ക്ക്**

**വെള്ളപ്പൊക്ക ദുരിതം നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ഡോ. എം.കെ . മുനീർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ പ്രളയത്തിലും വെള്ളപ്പൊക്കത്തിലും ജലവിതരണ പദ്ധതികളുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം എന്നത്തേക്ക് പുന:സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ പ്രളയത്തിലും വെള്ളപ്പൊക്കത്തിലും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ 8 ജില്ലകളിലായി കേരള വാട്ടർ അതോറിറ്റിയുടെ 79 ജലവിതരണ പദ്ധതികളുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. ഇടുക്കിയിലെ രണ്ട് കുടിവെള്ള പദ്ധതികൾ ഒഴികെ മറ്റ് പദ്ധതികൾ എല്ലാം പുന:സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി ജില്ലയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഫണ്ട് ലഭ്യമാക്കി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വരുന്നു. ഇടുക്കി ജില്ലയിൽ 15 പഞ്ചായത്തുകളിലായി 76 ജലനിധി പദ്ധതികൾക്കും, പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിലെ മുണ്ടൻപാറ ജലനിധി കുടിവെള്ള പദ്ധതിക്കും വെള്ളപ്പൊക്കത്തിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ 62 പദ്ധതികളുടെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ 2021 ഡിസംബർ അവസാനത്തോടെയും 14 പദ്ധതികളുടെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ 2022 മാർച്ച് മാസത്തോടെയും പൂർത്തീകരിക്കുവാനും, പാലക്കാട് ജില്ലയിലെ മുണ്ടൻപാറ കുടിവെള്ള പദ്ധതി 2021 ഡിസംബർ 31 ഓടു കൂടി പുനസ്ഥാപിക്കുവാനും വേണ്ടുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | വെള്ളപ്പൊക്ക ദുരിതം നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | വെള്ളപ്പൊക്ക ദുരിതം നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനും, ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പ് വരുത്തുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽ 24 മണിക്കൂർ കൺട്രോൾ റൂം |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചിരുന്നു. ജില്ലാ തല നോഡൽ ഓഫീസർമാരെ നിയോഗിച്ച് ഈ ദുരിതാശ്വാസ പ്രവൃത്തികൾ വിലയിരുത്തിയിരുന്നു. ജല വിതരണം തടസ്സപ്പെട്ട മേഖലകളിൽ ഉടൻ തന്നെ പ്രശ്നം പരിഹരിക്കുകയും ഏത് പ്രതികൂല അവസ്ഥയിലും കുടിവെള്ളം ലഭ്യമാക്കുവാൻ മേജർ പ്ലാന്റുകളിലും , ടാങ്കർ ലോറി പോയിന്റുകളിലും ജലം ശേഖരിച്ച് വയ്ക്കുകയും ചെയ്തിരുന്നു. ശുദ്ധജലം ആവശ്യമായ ദുരിതാശ്വാസ ക്യാമ്പുകളിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് ടാങ്കർ ലോറി വഴി കുടിവെള്ളം എത്തിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽ കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിരുന്നു. ജലത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി വിതരണ ശൃംഖലയിലും ടെയിൽ എൻഡ് ടാപ്പിംഗ് പോയിന്റുകളിലും റസിഡ്യുവൽ ക്ലോറിൻ (ആർ.സി) ഉറപ്പാക്കുന്നതിന് പതിവായി നിരീക്ഷണം നടത്താൻ പ്രത്യേക ഡ്രൈവ് നടത്തുന്നതിനും, സ്വകാര്യ സാമ്പിളുകൾ പരിശോധിക്കുന്നതിന് സെൻസിറ്റീവ് സ്ഥലങ്ങളിൽ ഗുണനിലവാര ലാബുകൾ താൽക്കാലികമായി സജ്ജീകരിക്കുന്നതിനും, അണുനശീകരണം ഉറപ്പാക്കാൻ, റീക്ലോറിനേഷൻ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ

# Annexure

## District Wise List of Flood Affected Water Supply Schemes

| Sl. No | District | Name of Water Supply Schemes |
|---|---|---|
| 1 | Thiruvananthapuram | RWSS to Manickal |
| 2 | Thiruvananthapuram | RWSS to Tholicodu |
| 3 | Thiruvananthapuram | RWSS to Poovachal |
| 4 | Thiruvananthapuram | RWSS to Pulimath |
| 5 | Kollam | JICA assisted WSS to Meenad and adjoining village |
| 6 | Kollam | CARWSS to Kulathupuzha |
| 7 | Pathanamthitta | WSS to Veechoochira |
| 8 | Pathanamthitta | WSS to Aythala |
| 9 | Pathanamthitta | WSS to Kollamula and Kurumbanmoozhy |
| 10 | Pathanamthitta | WSS to Angadi |
| 11 | Pathanamthitta | CARWSS to Ranni, Pazhavangady and Vadasserykkara |
| 12 | Pathanamthitta | WSS to Cherukole- Naranganam |
| 13 | Pathanamthitta | WSS to Kudamuratty |
| 14 | Pathanamthitta | WSS to Adichipuzha |
| 15 | Pathanamthitta | WSS to Vadasserikkara |
| 16 | Pathanamthitta | WSS to Perunad |
| 17 | Pathanamthitta | WSS to Chittar- Meenukuzhi |
| 18 | Pathanamthitta | WSS to Sabarimala and Pamba |
| 19 | Pathanamthitta | WSS to Kadambanad |
| 20 | Pathanamthitta | RWSS to Konni- Aruvappulam |
| 21 | Pathanamthitta | RWSS to Mylapra |
| 22 | Pathanamthitta | RWSS to Konni-Thazham |
| 23 | Pathanamthitta | RWSS to Malappara |
| 24 | Pathanamthitta | UWSS to Pathanamthitta |
| 25 | Pathanamthitta | RWSS to Kulanada |
| 26 | Pathanamthitta | RWSS to Aranmula |
| 27 | Pathanamthitta | RWSS to Kozhanchery |
| 28 | Pathanamthitta | RWSS to Elanthur- Mallappuzhassery |
| 29 | Pathanamthitta | RWSS to Omallur |
| 30 | Pathanamthitta | RWSS to Chenneerkara - Mezhuvely |
| 31 | Pathanamthitta | RWSS tp Panthalam Thekekkara and Thumpamon |

| | | |
|---|---|---|
| 32 | Pathanamthitta | RWSS to Vadasserikkara and Pezhumpara |
| 33 | Pathanamthitta | RWSS to Adoor and adjoining Panchayatahs |
| 34 | Pathanamthitta | RWSS to Vallicode- Kodumon |
| 35 | Pathanamthitta | ARWSS to Kallooppara |
| 36 | Pathanamthitta | RWSS to Kallooppara(old) |
| 37 | Pathanamthitta | RWSS to Kaviyoor- Kunnamthanam |
| 38 | Pathanamthitta | RWSS to Mallappally |
| 39 | Pathanamthitta | RWSS to Perumpara |
| 40 | Pathanamthitta | ARWSS to Kottangal |
| 41 | Pathanamthitta | RWSS to Anicadu |
| 42 | Pathanamthitta | CARWSS to Niranam, Nedumpuram, Peringara and Kadapra |
| 43 | Pathanamthitta | UWSS to Thiruvalla and Changanassey Muncipalities |
| 44 | Pathanamthitta | Kuttanad WSS |
| 45 | Pathanamthitta | RWSS to Kanjettukra- Ayroor- Velyra |
| 46 | Pathanamthitta | RWSS to Ezhumattoor |
| 47 | Pathanamthitta | RWSS to Thottappuzhassery |
| 48 | Pathanamthitta | RWSS to Eraviperoor |
| 49 | Pathanamthitta | RWSS to Koipuram |
| 50 | Pathanamthitta | RWSS to Puramattom- Padathodu Pump house |
| 51 | Alappuzha | ARWSS to Nooranad, Chunakkara and adjoining Panchayaths |
| 52 | Kottayam | CARWSS to Madappally, Vakathanam, Karukachal |
| 53 | Kottayam | RWSS to Nedumkunnam, Kangazha |
| 54 | Kottayam | RWSS to Vellavoor |
| 55 | Kottayam | RWSS to Kosady |
| 56 | Kottayam | ARWSS to Kanjirappally, Elikkulam, Chirakkadavu |
| 57 | Kottayam | ARWSS to Manimala and adjoining villages |
| 58 | Kottayam | CWSS to Ettumanoor and adjoining villages |
| 59 | Kottayam | ARWSS to Parathodu |
| 60 | Kottayam | RWSS to Kalaketty |
| 61 | Kottayam | RWSS to Mundakkayam |
| 62 | Kottayam | RWSS to Poonjar Thekkekkara |
| 63 | Kottayam | RWSS to Erattupetta |
| 64 | Kottayam | RWSS to Thevarupara |
| 65 | Kottayam | RWSS to Poonjar |
| 66 | Kottayam | RWSS to Thalanadu |

| | | |
|---|---|---|
| 67 | Idukki | RWSS to Arakkulam |
| 68 | Idukki | RWSS to Veliyamattam |
| 69 | Idukki | RWSS to Kunjithanni |
| 70 | Idukki | RWSS to Narakompuzh |
| 71 | Idukki | RWSS to Mulankunnu |
| 72 | Ernakulam | JNNURM WSS to Kochi city part I |
| 73 | Ernakulam | RWSS to Koovappady |
| 74 | Ernakulam | ARWSS to Vengoor East and West |
| 75 | Ernakulam | CWSS to Perumpavoor and Vengola |
| 76 | Ernakulam | RWSS to Puthenvelikkara |
| 77 | Ernakulam | World Bank aided Water Supply Scheme to Puthencruz and adjoining panchayaths |
| 78 | Thrissur | WSS to Nattika- Firka |
| 79 | Thrissur | Thrissur Water Supply Schemes |